
എമ്മാവൂസ്
വചനദൂത്
Vol. IX Issue :6

# ഹൃദയം വിശുദ്ധമാക്കാം

*മർക്കോസ് 7:1-13*

*(നിയമാ 5:1624, ഏശയ 9:13-21, 2 കൊരി. 10:12-18*

**ബ്രദർ ജോർജ് കൈതപ്പറമ്പിൽ**




ഈശോമിശിഹായിൽ ഏറ്റം സ്നേഹം നിറഞ്ഞവരെ,

ശ്ലീഹന്മാരിലൂടെ ലോകമെങ്ങും പടർന്നു പന്തലിച്ച സഭ പുഷ്പിച്ചു ഫലം ചൂടുന്നതിനെ ധ്യാനവിഷയമാക്കുന്ന കൈത്താക്കാലത്തിലെ നാലാം ഞായറാഴ്ച സഭാമാതാവ് നമ്മോട് പറയുന്നത് കാപട്യം വെടിഞ്ഞ് യഥാർത്ഥ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും പാത പിൻതുടരാനാണ്. ജറുസലെമിലേക്കുള്ള യാത്രാമധ്യേ ഒരു വിരുന്നിൽ സംബന്ധിക്കുമ്പോൾ ഈശോ നൽകുന്ന പ്രബോധനമാണ് ഇന്നത്തെ വചനഭാഗം.

ബർമ്മയിൽ ഒരു ബുദ്ധക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിലെ പ്രതിമ ആകാശത്തേക്ക് വിരൽ ചൂണ്ടി നിൽക്കുന്നു. അതിന് താഴെ ഇപ്രകാരം കൊത്തിവച്ചിട്ടുണ്ട് "ഞാൻ നിങ്ങൾക്ക് ആകാശത്തിലെ നക്ഷത്രങ്ങളെ ചൂണ്ടിക്കാണിച്ചു തന്നു. എന്നാൽ നിങ്ങളോ, നക്ഷത്രങ്ങളിലേക്ക് നോക്കാതെ എന്നെ നോക്കി ആരാധിച്ചു. മനുഷ്യവംശത്തിന്റെ ചരിത്രം മുഴുവൻ ആവർത്തിച്ചുകൊണ്ടിരിക്കുന്ന വലിയ ഒരു അബദ്ധത്തെക്കുറിച്ചാണ് ഈ വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. ദൈവത്തിലേയ്ക്ക് നോക്കാതെ ദൈവത്തെ ചൂണ്ടികാണിച്ചുതരുന്നവയിലേക്ക് നോക്കിനിൽക്കുന്ന ആ വിഡ്ഢിത്തം ഇന്നും നാം ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈശോയുടെ ശിഷ്യർ കൈകഴുകാതെ ഭക്ഷണം കഴിക്കുന്നതു ഫരിസേയർ കണ്ടു എന്നതും, അതിനെക്കുറിച്ച് ഈശോയോട് ചോദ്യം ചോദിക്കുന്നതും വെളിവാക്കുന്ന ചില മാനസിക ഭാവങ്ങളുണ്ട്. അന്യന്റെ കുറവുകൾ കാണാനും, കുറ്റം കണ്ടുപിടിക്കാനുള്ള വ്യഗ്രതയുമാണ് ഫരിസേയരും നിയമജ്ഞരും ഇവിടെ പ്രദർശിപ്പിക്കുന്നത്. മറ്റുള്ളവരുടെ തെറ്റുകളിലേയ്ക്കും വീഴ്ചകളിലേക്കും നോക്കാനും, ഇല്ലാത്ത വീഴ്ചകൾ ഉണ്ടെന്ന് വരുത്താനും പ്രേരിപ്പിക്കുന്നത് ആ വ്യക്തിയിലെ അഹങ്കാരവും, വലിയവനാണെന്ന ഭാവവുമാണ്. അന്യരെ ചെറുതായി കാണുന്ന ഫരിസേയ മനോഭാവവും, നിയമ നിഷ്ഠയുടെ പേരിൽ മറ്റുള്ളവരെ വിധിക്കുന്ന നിയമജ്ഞഭാവവും നമ്മിലും, നമ്മെ ഉൾക്കൊണ്ടിരിക്കുന്ന മതത്തിലും കടന്നുവരാനിടയുണ്ട്. ഇത് നമ്മുടെ ആത്മീയ വളർച്ചയ്ക്ക് വലിയ തടസ്സമായി മാറും എന്ന് ഈശോ നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇന്നത്തെ ഒന്നാമത്തെ വായനയായ നിയമാവർത്തനം 5-ാം അധ്യായം 16 മുതലുള്ള വാക്യങ്ങളിൽ സീനായ് മലമുകളിൽ വച്ച് ദൈവം മോശയ്ക്ക് നിയമം നൽകുന്ന മനോഹരമായ കാഴ്ചയാണ് വിവരിക്കുന്നത്. ദൈവം മനുഷ്യന് നിയമം നൽകിയത്, അവന്റെ രക്ഷയ്ക്കും സമാധാനപൂർണ്ണമായ ജീവിതത്തിനും വേണ്ടിയാണ്. എന്നാൽ ദൈവം ആഗ്രഹിച്ചതിനു ഘടകവിരുദ്ധമായി പ്രവർത്തിക്കുന്ന ഇസ്രായേലിന്റെ ചരിത്രമാണ് വി.ഗ്രന്ഥം നമ്മുടെ മുമ്പിൽ തുറന്നു കാട്ടുന്നത്. ദൈവിക നിയമങ്ങൾക്ക് അവർ നൽകിയ വ്യാഖ്യാനങ്ങൾ തന്നെ ദൈവനിഷേധ

ത്തിന്റെ ഏറ്റവും വലിയ തെളിവാണ്. യഹൂദർക്ക് 613 നിയമങ്ങൾ വരെ ഉണ്ടായിരുന്നു. ഓർക്കണം, ദൈവം മോശയ്ക്ക് നൽകിയത് 10 കല്പനകൾ ആയിരുന്നു. അവയാകട്ടെ, ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും 2 കൽപനകളിൽ സംഗ്രഹിക്കാവുന്നവയും. ഈ 10 കൽപനകളെ വിവരിച്ചും വിപുലീകരിച്ചും നിയമജ്ഞർ നിർമ്മിച്ചവയാണ് ഈ 613 നിയമങ്ങൾ. എന്നാൽ, വിവരിച്ചും വിപുലീകരിച്ചും വന്നപ്പോൾ ഈ നിയങ്ങൾ ഉറവിടത്തിൽനിന്ന് ഏറെ അകന്നുപോയി എന്നു മാത്രമല്ല, അവ ദൈവപ്രമാണത്തിനെതിരായ്പോലും തീർന്നു. ഇതിനു വ്യക്തമായ ഉദാഹരണമാണ് ഇന്നത്തെ സുവിശേഷത്തിന്റെ 11 മുതൽ 13 വരെ വാക്യങ്ങളിൽ നാം കണ്ടത്. മാതാപിതാക്കളെ ബഹുമാനിക്കണം എന്നത് സുപ്രധാനമായ കല്പനയായതിനാലാണ് ദൈവം അത് നാലാം പ്രമാണമായി നൽകിയത്. എന്നാൽ വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കാനും ശ്രദ്ധിക്കാനുമുള്ള മക്കളുടെ കടമയ്ക്കു പകരം തന്റെ മാതാപിതാക്കളെ താൻ വഴിപാടായി ദൈവത്തിനു സമർപ്പിച്ചു എന്നു ശപഥം ചെയ്താൽ, പിന്നെ മാതാപിതാക്കളെ നോക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് മക്കൾ സ്വതന്ത്രരാകും എന്ന വ്യഖ്യാനം നാലാമത്തെ കൽപനയ്ക്ക് അവർ നൽകി. ഫലത്തിൽ, മാതാപിതാക്കളെ ബഹുമാനിക്കുക എന്ന സുപ്രധാന കൽപന, മാതാപിതാക്കളെ അവഗണിക്കുക എന്ന രീതിയിൽ മാറിപ്പോയി. അതിനാലാണ്, ദൈവ കൽപ്പനകൾ അവഗണിച്ചിട്ട് മനുഷ്യരുടെ കൽപ്പനകൾ പ്രമാണങ്ങളായി നിങ്ങൾ പഠിപ്പിക്കുന്നു എന്ന ശക്തമായ ഭാഷയിൽ ഈശോ ഫരിസേയരെയും നിയമജ്ഞരെയും കുറ്റപ്പെടുത്തുന്നത്.

ഇത്തരത്തിലുള്ള ഒരു യഹൂദ നിയമമായിരുന്നു ഭക്ഷണത്തിനു മുമ്പ് കൈകഴുക എന്നത്. ഭക്ഷണത്തിനു മുമ്പ് കൈകഴുകുകയും, ചന്തസ്ഥലത്തുനിന്ന് വരുമ്പോൾ ദേഹശുദ്ധി വരുത്തുകയും ചെയ്യുക എന്നത് യഹദൂരെ സംബന്ധിച്ചിടത്തോളം പൂർവ്വീകരിൽനിന്ന് പകർന്നുകിട്ടിയ ഒരു പാരമ്പര്യമായിരുന്നു. യഥാർത്ഥത്തിൽ ലേവ്യരുടെ പുസ്തകത്തിൽ സൂചിപ്പിക്കുന്ന ശുദ്ധീകരണ കർമ്മങ്ങൾ ബലിയർപ്പിക്കുന്ന പുരോഹിതനെ ഉദ്ദേശിച്ചുള്ളതായിരുന്നു. എന്നാൽ നിയമവ്യാഖ്യാതാക്കൾ ഈ നിയമങ്ങൾ സാധാരണക്കാരുടെ ചുമലിൽ കെട്ടിവച്ചു കൊടുത്തു. പരമപരിശുദ്ധനായ ദൈവത്തോട് അടുത്തു നിൽക്കാൻ സ്വയം വിശുദ്ധീകരണമെന്ന ബോധ്യത്തിൽനിന്ന് ഉരുത്തിരിഞ്ഞതായിരുന്നു എല്ലാവിധ ശുദ്ധീകരണ നിയമങ്ങളും (ലേവ്യ 22:31-33). എന്നാൽ കാലക്രമേണ ഈ സദുദ്ദേശ്യത്തിന്റെ അന്ത:സത്തയെ മറന്നുകൊണ്ട് വെറും അനുഷ്ഠാനത്തിന് പ്രാമുഖ്യം നൽകുന്ന രീതി നിലവിൽ വന്നു. ഈ അപചയത്തെയാണ് ക്രിസ്തു വിമർശിക്കുന്നത്. ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാളുപരി ആന്തരിക ശുദ്ധിക്ക് ഉപകരിക്കുന്നതിനും ദൈവസാമീപ്യത്തിലേക്ക് നയിക്കുന്നതിനും, പ്രാധാന്യം നൽകാൻ ഈശോ ആവശ്യപ്പെടുന്നു.

ഇന്നത്തെ ലേഖനഭാഗത്തിലൂടെ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നതും ഈ ഒരു വസ്തുത തന്നെയാണ്. കോറിന്തോസിലെ സഭയ്ക്കെഴുതിയ രണ്ടാം ലേഖനം 10-ാം അദ്ധ്യായം 17-ഉം 18-ഉം വാക്യങ്ങളിൽ ശ്ലീഹാ പഠിപ്പിക്കുന്നു. "അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ" എന്തെന്നാൽ, തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല, കർത്താവ് പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ." ബാഹ്യമായ ഭക്താനുഷ്ഠാനങ്ങൾ കൊണ്ട് മറ്റുള്ളവരുടെ പ്രീതി സമ്പാദിക്കുന്നവൻ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടണമെന്നില്ല. കാരണം, ദൈവം നോക്കുന്നത് ആന്തരീകതയിലേക്കാണ് അതുകൊണ്ട് ഹൃദയത്തിന്റെ വിശുദ്ധിക്ക് പ്രാധാന്യം കൊടുക്കാതെ ബാഹ്യവിശുദ്ധിക്കുവേണ്ടി കണ്ടുപിടുത്തവും കടുംപിടുത്തവും നടത്തുന്ന ഫരിസേയരെ നോക്കി ഏശയ്യാ പ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് ഈശോ ഇപ്രകാരം പറയുന്നു. "ഈ ജനം അധരം കൊണ്ട് എന്നെ ആരാധിക്കുന്നു. ഇവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ അകലെയാണ്" എന്ന് (ഏശ. 29:13). ജോയേൽ പ്രവാചകന്റെ പുസ്തകം 2-ാം അദ്ധ്യായം 13-ാം വാക്യത്തിൽ അവിടുന്ന് വീണ്ടും നമ്മോട് പറയുന്നു. "നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്" എന്ന്.

മനുഷ്യന്റെ എത്ര കടുത്ത അപരാധങ്ങളും ക്ഷമിക്കുന്നവനാണ് ദൈവം. എന്നാൽ നമ്മൾ യഥാർത്ഥത്തിൽ എന്തായിരിക്കുന്നുവോ, അതുപോലെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ നിൽക്കാനാവേണ്ടതുണ്ട്. പാപിനിയായ സ്ത്രീയോടും, പാപിയായ ചുങ്കക്കാരനോടുമൊക്കെ "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന് പറയുന്ന ക്രിസ്തു അത്തിമരത്തെ മാത്രം ശപിച്ചതെന്തുകൊണ്ട്? അതിനു ഒറ്റ ഉത്തരമേയുള്ളു. അത് ഇല്ലാത്ത മേന്മ നടിച്ചു നിന്നു ദൈവത്തെയും മനുഷ്യരെയും അത് കബളിപ്പിച്ചുകൊണ്ട് നിന്നു. തിന്മ നിറഞ്ഞ ജീവിതം നയിക്കുന്നതിനേക്കാൾ ഗുരുതരമാണ് അതിനെ ഭക്തിയുടെയും അനുഷ്ഠാനങ്ങളുടെയും മേലങ്കികൊണ്ട് മറച്ചുപിടിക്കുന്നത്. പരി. കുർബാനയെക്കുറിച്ച് പഠിപ്പിക്കുമ്പോൾ പൗലോസ് ശ്ലീഹാ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു. "യോഗ്യത ഇല്ലാതെ ഈ അപ്പം ഭക്ഷിക്കുന്നവൻ സ്വന്തം മരണത്തെ ഭക്ഷിക്കുന്നു" എന്ന് (1 കൊറി. 11:29-30). ജീവന്റെ കാരണമായ പരി. കുർബാനതന്നെ മരണത്തിനും കാരണമാകുന്നുതുപോലെ, ദൈവത്തിലേക്ക് നമ്മെ അടുപ്പിക്കുന്ന ആരാധനയും, ഭക്താഭ്യാസങ്ങളും യോഗ്യതയില്ലാതെ ആചരിക്കുമ്പോൾ, അത് തന്നെ നമുക്ക് ദൈവത്തെ നഷ്ടപ്പെടുന്നതിനുള്ള കാരണവുമായി മാറുന്നു.

മനുഷ്യനെ സംബന്ധിച്ച് വിശുദ്ധി എന്നാൽ ശരീരത്തിൽ അഴുക്കില്ലാത്ത അവസ്ഥയല്ല, ദൈവത്തിന്റെ പരിശുദ്ധിയിലുള്ള പങ്കുചേരലാണത്. ദൈവഹിതം പ്രവർത്തിക്കുന്നതിലൂടെ മാത്രമേ അത് സ്വായത്തമാക്കാൻ കഴിയൂ. ദൈവത്തെ സ്നേഹിക്കുന്ന ഹൃദയമാണ് ആത്മീയ വിശുദ്ധിക്ക് അനിവാര്യമായിട്ടുള്ളത്. ലിമായിലെ വി.റോസ് ഇപ്രകാരം ചോദിക്കുന്നുണ്ട്. ഈശോയുടെ സ്നേഹത്തിൽ എരിഞ്ഞടങ്ങുന്നില്ലെങ്കിൽ ഒരു ഹൃദയമുള്ളതുകൊണ്ട് എനിക്ക് എന്ത് ഗുണമാണുള്ളത്". ഓരോ വി. ബലിയിലും പുരോഹിതൻ ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ട്. കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസാക്ഷിയോടും കൂടി അതി വിശുദ്ധ സ്ഥലത്ത് പ്രവേശിച്ച് ഭക്തിയോടും, ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ അങ്ങയുടെ ബലിപീഠത്തിനുമുമ്പാകെ നിൽക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ" എന്ന്. ഹൃദയം വിശുദ്ധമാക്കണം, മനസാക്ഷി വെടിപ്പാക്കണം ഇതാണ് കർത്താവ് ആഗ്രഹിക്കുന്നത്. നമ്മുടെ ഹൃദയഭാവങ്ങളെക്കുറിച്ച് ആത്മശോധന ചെയ്യാൻ നാം ഓരോരുത്തർക്കും സാധിക്കട്ടെ, അങ്ങനെ ഹൃദയത്തിൽനിന്ന് തിന്മകളെ നീക്കം ചെയ്തുകൊണ്ട് ആന്തരീക വിശുദ്ധിയുടെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ ഈ ഫലാഗമകാലത്തിൽ നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ. നല്ല ദൈവം നമ്മെ അതിന് അനുഗ്രഹിക്കട്ടെ. നിത്യം പിതാവും പുത്രനും പരി.ആത്മാവുമായ സർവ്വേശ്വരാ.. ആമേൻ.